LIBRARY ARCHIVES Kerala Legislative Assembly

മാവേലിക്കര കോട്ടത്തോട് സംരക്ഷണം

161 (4447) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കോട്ടത്തോട് സംരക്ഷണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; നിലവിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര തഴക്കര കരമ്പിൻകാവ് ക്ഷേത്രത്തിന് സമീപം മേജർ ഇറിഗേഷന് സമർപ്പിച്ചിട്ടുള്ള പില്ലിംഗ് നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) മാവേലിക്കര തഴക്കര പഴവാടി കടവ് നിർമ്മാണത്തിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; ഇതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടത്തോടിന്റെ മാവേലിക്കര കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് മുതൽ മണ്ഡപംകടവ് വരെയുള്ള ഭാഗം നവീകരിക്കുന്നതിനും മാലിന്യമുക്തമാക്കാനും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുമായി 32.50 ലക്ഷം രൂപ അനുവദിക്കുകയും ദർഘാസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കോട്ടത്തോട് സമ്പൂർണ്ണമായി നവീകരിക്കുന്നതിന് 3.5 കോടി രൂപയുടെ എസ്റ്റിമേറ്റ് വകുപ്പുതലത്തിൽ തയ്യാറാക്കിവരുന്നു.

(ബി & സി) മാവേലിക്കര തഴക്കര കരമ്പിൻകാവ് ക്ഷേത്രത്തിന് സമീപം "ബലിക്കടവിന്റെ നിർമ്മാണവും സംരക്ഷണഭിത്തി ഉയർത്തലും" എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയ സി.പി.ഡബ്ല്യു.ഡി. നിരക്ക് പ്രകാരം വകുപ്പുതലത്തിൽ തയ്യാറാക്കിവരുന്നു. കൂടാതെ മാവേലിക്കര-തഴക്കര പഴവാടി കടവ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും പുതുക്കിയ സി.പി.ഡബ്ല്യു.ഡി. നിരക്ക് പ്രകാരം വകുപ്പുതലത്തിൽ തയ്യാറാക്കിവരുന്നു. ,

കാട്ടാകുറ്റി പഞ്ചായത്തിലെ 'ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി'

162 (4448) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വടക്കേച്ചാൽ കുളത്തിനു പകരം കാട്ടാകുറ്റി പഞ്ചായത്തിലെതന്നെ പതിയംകുളം കെട്ടി സംരക്ഷിക്കുന്നതിനായി അനുമതി മാറ്റി നൽകുന്നതിനുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പതിയംകുളം കെട്ടി സംരക്ഷിക്കുന്നതിന് അനുമതി നൽകുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?